(ഡി) 23,930 ഹെക്ടർ കയ്യേറ്റഭൂമിയിൽ വനം, റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. ഇനിയും 3750 ഹെക്ടറിൽ സംയുക്ത പരിശോധന നടത്താനുണ്ട്.

(ഇ) 1-1-1977-നു ശേഷമുള്ള വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

പെരിയാർ ടൈഗർ റിസർവ്വ് വനഭൂമി

90 [3344] *ശ്രീ. കെ. എ. ചന്ദ്രൻ:*

„ *സി. പി. മുഹമ്മദ്:*

„ *ലൂഡി ലൂയിസ്:*

„ *ജോർജ്ജ് ജെ. മാത്യു:*

„ *ടി. എൻ. പ്രതാപൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാർ ടൈഗർ സാങ്ച്വറിയിൽപ്പെട്ട ഭൂമിയിൽ തമിഴ്നാട് അവകാശവാദം ഉന്നയിച്ചിട്ടുണ്ടോ;

(ബി) ഈ അവകാശവാദം സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എത്ര ഹെക്ടർ ഭൂമിയിൻമേലാണ് തമിഴ്നാട് അവകാശവാദം ഉന്നയിച്ചിട്ടുള്ളതെന്നതും പ്രസ്തുത സാങ്ച്വറിയിൽനിന്ന് എത്രയേക്കർ ഭൂമി വിട്ടു കൊടുക്കുവാനാണ് ഉത്തരവായിട്ടുള്ളതെന്നും വിശദീകരിക്കുമോ; ഈ ഭൂമിയിൽ കുടിയേറ്റക്കാരുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പെരിയാർ ടൈഗർ റിസർവ്വിൽപ്പെട്ട 8100 ഏക്കർ സ്ഥലം മുല്ലപ്പെരിയാർ ഡാം നിർമ്മിച്ച സമയത്ത് തമിഴ്നാട് സർക്കാരിന് പാട്ടവ്യവസ്ഥയിൽ നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലം കല്ലിട്ട് അതിർത്തി നിർണ്ണയിച്ച് നൽകണമെന്ന ആവശ്യം തമിഴ്നാട് സർക്കാർ ഉന്നയിച്ചിട്ടുണ്ട്. ഇതല്ലാതെ പെരിയാർ സാങ്ച്വറിയിൽപ്പെട്ട ഭൂമിയിൽ അവകാശവാദങ്ങളൊന്നും തമിഴ്നാട് ഉന്നയിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly